# കേരളസർവകലാശാല

നം.പി.ആർ.155/2023 തിരുവനന്തപുരം, തീയതി: 02/08/2023

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. കോളേജിൽ ഹാജരാകേണ്ട തീയതി – ഓഗസ്റ്റ് 4

കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം ഓഗസ്റ്റ് 4–ന് പകൽ 11.00 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകളിലും ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് കൗൺസിലിംഗിന് പങ്കെടുക്കാൻ രക്ഷകർത്താവ് / പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. രക്ഷകർത്താവ് / പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട്, വിദ്യാർത്ഥി ഒപ്പിട്ട **authorization letter** എന്നിവ ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ് സൈറ്റ് ( **https://admissions.keralauniversity.ac.in/pg2023**/) സന്ദർശിക്കുക.

### കേരളസർവകലാശാല: ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2023 രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയുടെ 2023 – 24 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/pg2023/) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ ആഗസ്റ്റ് മൂന്നാം തീയതിക്ക് മുൻപായി നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി പെർമനെന്റ് അഡ്മിഷൻ (സ്ഥിരം) എന്നാണ്.

അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർക്ക് അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ജിയോഗ്രാഫി, സുവോളജി (മേഴ്സിചാൻസ് 2010 – 2017 അഡ്മിഷൻ)പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി 2023 ആഗസ്റ്റ് 11. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

കേരളസർവകലാശാല 2022 നവംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ ബി.ടെക്. (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) (യു.സി.ഇ.കെ.–2018 സ്കീം) പരീക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്ധ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ ഇ.ജെ.–VII (ഏഴ്) സെക്ഷനിൽ 2023 ആഗസ്റ്റ് 3 മുതൽ 5 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ആഗസ്റ്റിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.സി.എ. (റഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020,2021 അഡ്മിഷൻ) (2020 സ്കീം) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)


**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**